(സി) പമ്പിംഗ് സബ്സിഡി ഇനത്തിൽ എന്തു തുകയാണ് കുടിശ്ശികയുള്ളത്?

ഉത്തരം

(എ) 211,111 കർഷകർക്ക് സൗജന്യവൈദ്യുതി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

(ബി) 2004-05 വർഷത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ കൊടുത്തു തീർക്കുന്നതിനു 18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ 18 കോടി രൂപ എൻ. ടി. പി. സി. കൃഷിവകുപ്പിനു നൽകാനുള്ളതും കുടിശ്ശികയിനത്തിൽ കിഴിക്കാമെന്ന് തീരുമാനമായിട്ടുണ്ട്. അതിനാൽ ബാക്കി 25 കോടി രൂപയോളം മാത്രമേ കുടിശ്ശിക ഉണ്ടാകുകയുള്ളൂ. ഇതു കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പമ്പിംഗ് സബ്സിഡി, റവന്യൂവകുപ്പാണ് കൈകാര്യം ചെയ്യുന്നത്.

മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയിൽ നിന്നും പെൻഷൻ

58 [3402] ശ്രീ. ഇസ്ഹാക് കുരിക്കൾ :

,, പി. കെ. അബ്ദുറബ്ബ് :

,, കെ. എൻ. എ. ഖാദർ :

,, സി. മമ്മൂട്ടി :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയിൽനിന്നും പെൻഷൻ പറ്റിയ ഒരു വലിയ വിഭാഗത്തിന് പെൻഷൻ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് പെൻഷൻ ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നത്തേയ്ക്ക് പെൻഷൻ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കുറച്ചുകാലമായി പെൻഷൻ ലഭിച്ചിട്ടില്ല എന്ന് അറിയാം.

(ബി ആന്റ് സി) പ്രവർത്തനരഹിതമായ മലബാർ മാർക്കറ്റ് കമ്മറ്റിയിലെ പെൻഷൻകാർക്ക് 2003 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ വസ്തുവകകൾ വിറ്റു മുതൽക്കൂട്ടുന്ന കോർപ്പസ് ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിന് ആവശ്യമായ തുക കണ്ടെത്തണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly